പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3232 03.04.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതശ്മശാനം നിർമ്മിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി വൈദ്യുതശ്മശാനം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; | (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി വൈദ്യുതശ്മശാനം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ടിനായി എത്ര രൂപയാണ് അനുവദിച്ചത് ; | (ബി) | പ്രസ്തുക പ്രോജക്ടിനായി തുക അനുവദിച്ചിട്ടില്ല. |
| (സി) | ലക്കിടി, അമ്പലപ്പാറ, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തുകൾക്കായുള്ള വൈദ്യുതശ്മശാനം സ്ഥാപിക്കുന്നതിനായി ഏതു പഞ്ചായത്തിലാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത് എന്നതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയത്; വിശദാംശങ്ങൾ സർക്കാരിന് ലഭിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ പല്ലാർമംഗലം ശ്മശാനം ഒരു വൈദ്യുതി ശ്മശാനമാക്കുന്നതിനുള്ള തീരുമാനം പരിഗണനയിലുണ്ട്. എന്നാൽ ഈ പദ്ധതിക്കുവേണ്ടി ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് 2012-13 വർഷത്തിലെ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ ഒന്നും സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതി തയ്യാറാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ